

ഡോ. പി.എൻ സുരേഷ് കുമാർ
പ്രൊഫസർ ഓഫ് സൈക്യാട്രി
കെ.എം.സി.ടി മെഡിക്കൽ കോളേജ് കോഴിക്കോട്

# വിവാഹത്തിനുവേണ്ട വയസെത്ര

**വരനേക്കാൾ പ്രായം കൂടിയ വധുക്കളെ ആർക്കും ആവശ്യമില്ല. കാരണം പറയുന്നത് പലതാണെങ്കിലും കൃത്യമായ ഒരുത്തരമില്ല ഇതിൽ. വിവാഹപ്രായം ഇപ്പോഴുള്ളതിനേക്കാൾ കൂട്ടണോ? അതോ നിലവിലെ പ്രായം മതിയോ ? പുരുഷനും സ്ത്രീക്കും സമപ്രായമായാൽ പ്രശ്നമുണ്ടോ? സ്ത്രീയേക്കാൾ വയസ് കൂടുതലാകണോ? അത് പ്രശ്നമുണ്ടാക്കുമോ?**

"കുട്ടിയെ ഞങ്ങൾക്കിഷ്ടമായി നിങ്ങളെന്ത് തരും?

വീട്ടീന്ന് ഇറങ്ങിപ്പോകാൻ അഞ്ച് മിനിറ്റ് തരും..." സോഷ്യൽമീഡിയയിലാകെ കൈയടി നേടി പടർന്നതാണ് തൃശൂരിലെ ബിൻസിയുടെ ഈ വരികൾ. 'വിവാഹക്കമ്പോള'ത്തിലെ നാട്ടുനടപ്പുകളാണ് ഇത്തരം ചോദ്യങ്ങൾ. അത്തരം നാട്ടുനടപ്പിലെ വിശേഷപ്പെട്ട മറ്റൊരു ആചാരംകൂടിയുണ്ട്, വധുവിന്റെ പ്രായം. അതൊട്ടും കൂടുതലാകരുത് വരനേക്കാൾ. അതിപ്പോ ഓരോരോ ആചാരങ്ങളാകുമ്പോൾ... എന്നു പറയാൻ വരട്ടെ. പ്രായത്തിൽ കാര്യമുണ്ട്. അത് വധുവിന്റെ ആയാലും വരന്റെ ആയാലും. നിലവിലെ വിവാഹപ്രായം സ്ത്രീക്ക് 18 ഉം പുരുഷന് 21 ഉമാണല്ലോ. അതിൽതന്നെ വ്യത്യാസം വരുത്താൻ അതായത്, രണ്ടും വർധിപ്പിക്കാനാണ് കേന്ദ്ര സർക്കാരടക്കം ആലോചിക്കുന്നത്. ഈ വേളയിൽ പങ്കാളിയുടെ പ്രായം വിവാഹബന്ധത്തിൽ എത്രമാത്രം പ്രധാനമാണെന്നും അത് വിവാഹജീവിതത്തെ എങ്ങനെയൊക്കെ ബാധിക്കുമെന്നും നോക്കാം. വരനേക്കാൾ പ്രായം കൂടിയ വധുക്കളെ ആർക്കും ആവശ്യമില്ല. കാരണം പറയുന്നത് പലതാണെങ്കിലും കൃത്യമായ ഒരുത്തരമില്ല ഇതിൽ. വിവാഹപ്രായം ഇപ്പോഴുള്ളതിനേക്കാൾ കൂട്ടണോ? അതോ നിലവിലെ പ്രായം മതിയോ ? പുരുഷനും സ്ത്രീക്കും സമപ്രായമായാൽ പ്രശ്നമുണ്ടോ? സ്ത്രീയേക്കാൾ വയസ് കൂടുതലാകണോ? അത് പ്രശ്നമുണ്ടാക്കുമോ?

## സംരക്ഷകൻ

പെൺകുട്ടികൾ പലപ്പോഴും സംരക്ഷണത്തിനാണ് പ്രാധാന്യം കൊടുക്കുക. അതായത്, കല്യാണത്തിനുമുമ്പ് അച്ഛനാണ് സംരക്ഷിക്കുന്നത്. പിന്നീടവർ ഭർത്താവിൽനിന്ന് ആ സംരക്ഷണം, കരുതൽ ഒക്കെ പ്രതീക്ഷിക്കും. വയസ്സാകുമ്പോൾ മകനിൽനിന്നായിരിക്കും കരുതൽ കിട്ടാനാഗ്രഹിക്കുന്നത്. ഈയവസ്ഥയിൽ സ്വാഭാവികമായും തന്നേക്കാൾ മുതിർന്നയാളെ വരനായി പരിഗണിക്കും. അതിലൂടെ തന്നോടുള്ള കരുതൽ കൂടും എന്നു ധരിക്കും. തന്നെയുമല്ല നമ്മുടെ സംസ്കാരത്തിൽ ഭാര്യയും ഭർത്താവുമടങ്ങുന്ന ഒരു യൂണിറ്റാണ് കുടുംബം. അതിനെ നയിക്കേണ്ടത് സ്വാഭാവികമായും മുതിർന്ന ഒരു വ്യക്തിയായിരിക്കണം. ഇനി വിവാഹത്തെ രണ്ടുപേരടങ്ങിയ ഒരു യൂണിറ്റായി കണക്കാക്കിയാൽ അതിലും ലീഡ് ചെയ്യാൻ പാകതയും പക്വത (Maturity)യുമുള്ള ആളായി ഭർ



ത്താവിനെ കരുതും. അതാണ് സാഹചര്യം. കല്യാണച്ചെക്കൻ സാമൂഹ്യ-സാമ്പത്തിക കാര്യങ്ങളിൽ വെൽസെറ്റിൽഡാകണമെന്ന ആഗ്രഹം എല്ലാവർക്കുമുണ്ടാകും.

## ശാരീരികം/ആരോഗ്യപരം

പ്രായം കുറഞ്ഞ സ്ത്രീകളിൽ പൊതുവെ ആരോഗ്യപ്രശ്നങ്ങൾ കുറവായിരിക്കും. ഗർഭധാരണസാധ്യതയും കൂടും. പ്രായം കൂടുന്തോറും റിസ്ക് കൂടും. പ്രായംകൂടിയവർ ഗർഭിണികളായാൽ പ്രമേഹം, രക്തസമ്മർദം, പ്രസവസമയത്ത് സങ്കീർണത, കുട്ടിക്ക് ഡൗൺ സിൻഡ്രോംപോലുള്ള ജനിതക വൈകല്യങ്ങൾ എന്നിവയ്ക്ക് സാധ്യതയുണ്ട്.

## പ്രായവും പക്വതയും

ഭർത്താവിന് വയസ്സാകുമ്പോൾ നോക്കാൻ ഭാര്യക്ക് ആരോഗ്യം വേണം. പ്രായം കുറഞ്ഞ പെൺകുട്ടികളാണെങ്കിൽ അത് സാധ്യമാണ്. കൂടാതെ മക്കളുടെ വിവാഹം, അവരുടെ കുട്ടികൾ എന്നീ സാഹചര്യങ്ങളിലും 'കട്ടയ്ക്ക് കൂടെ നിൽക്കാൻ' ആരോഗ്യമുള്ള അമ്മമാർക്ക് കഴിയും. പേരക്കുട്ടികളുടെ കാര്യത്തിലും ഇതൊരു സൗകര്യമാണ്. മകളുടെ/മരുമകളുടെ ഗർഭാവസ്ഥയിലും പേരക്കുട്ടിയുണ്ടാകുമ്പോഴും അമ്മയ്ക്ക് സജീവമായി രംഗത്തിറങ്ങാം. പിന്നെ പ്രായം കൂടിയാൽ പക്വത മാത്രമല്ല, വിദ്യാഭ്യാസം, ജോലി സാമ്പത്തിക സുരക്ഷിതത്വം എന്നിവ ഉണ്ടാകുമെന്നാണ് പൊതുപ്രതീക്ഷ. അതിനാൽതന്നെയാണ് മുതിർന്ന ആൺകുട്ടികളെ പരിഗണിക്കുന്നത്. എന്നാൽ പെൺകുട്ടികളാണ് പെട്ടന്ന് പക്വതയാർജിക്കുക. സ്ത്രീകൾ അവരുടെ പ്രായത്തേക്കാൾ രണ്ടോമൂന്നോ വയസ് അധികത്തിന്റെ പക്വത കാണിക്കും. യുവാക്കളെ വച്ച് നോക്കിയാൽ സമപ്രായത്തിലെ ആൺകുട്ടികളേക്കാൾ കൂടുതൽ പക്വത പെൺകുട്ടികൾക്കായിരിക്കും. അതേസമയം യുവാക്കളിൽ ഒരു മൂന്ന് വയസിന്റെയെങ്കിലും പക്വതക്കുറവ് ഉണ്ടായിരിക്കുകയും ചെയ്യും.

## പക്വതയിലെ അന്തരം (Maturity Gap)

ഒരേ പ്രായത്തിലുള്ളവർ ആണ് വിവാഹിതരാകുന്നത് എങ്കിൽ നമ്മൾ ആദ്യം പറഞ്ഞ പക്വതയിലെ വ്യത്യാസം വളരെ പെട്ടന്ന് മനസ്സിലാക്കാം. അതായത്, വരനും വധുവും 25 വയസ്സുള്ളവരാണെങ്കിൽ വധുവിന് അതേ വയസ്സിന്റെ പക്വതയുണ്ടാകും. എന്നാൽ വരന്

പുരുഷനിലെ മുന്നുവയസ് കുറവുള്ള പക്വതയേ വന്നിട്ടുണ്ടാകൂ. അതായത്, 23 കാരന്റെ പാകത. അതാണ് പക്വതയിലെ അന്തരം (maturity gap). ഈ ന്യൂനത പരിഹരിക്കണമെങ്കിൽ പയ്യൻ 28വയസ്സുകാരനാകണം. സുപ്രധാന തീരുമാനങ്ങളും മറ്റുമെടുക്കാൻ ഈ പാകത പ്രധാന ഘടകമാണല്ലോ.

## പ്രായംകുറഞ്ഞവൻ പെൺകോന്തനോ?

പ്രായംകൂടിയ പെൺകുട്ടികളെക്കൊണ്ട് കല്യാണം കഴിപ്പിക്കാൻ ആൺവീട്ടുകാർക്ക് പൊതുവെ താൽപര്യമില്ല. അതിന് നാട്ടുനടപ്പും ഒരു കാരണമാണ്. മാത്രമല്ല, അങ്ങനെ വന്നാൽ പെൺകുട്ടിയുടെ നിയന്ത്രണത്തിൽ ചെക്കൻ വീണുപോകുമെന്നാണ് കരുതുക. അത് പിന്നെ 'പെൺകോന്ത'നെന്ന വിളിയിലേക്കെത്തും. അത്തരം ചിന്തയിൽനിന്നാണ് മുതിർന്ന പെൺകുട്ടികളെ വേണ്ടെന്നുവെക്കുന്നത്. ഇതിനൊന്നും പക്ഷെ ശാസ്ത്രീയ അടിത്തറയില്ല.

## പ്രൊഡക്ടിവിറ്റി ഗ്യാപ് (Productivtiy Gap)

സന്താനോൽപാദന ക്ഷമത അഥവാ പ്രൊഡക്ടിവിറ്റി സ്ത്രീകളെ സംബന്ധിച്ച് 35 വയസ്സിൽ കുറയും. എന്നാലിത് പുരുഷൻമാർക്ക് 40 വയസ്സുവരെ കാണും. ഇത്തരം പ്രൊഡക്ടിവിറ്റി ഗ്യാപ് ഒഴിവാക്കി നിർത്താൻ മൂന്നോ നാലോ വയസ്സിന്റെ വ്യത്യാസം സൂക്ഷിക്കുന്നത് നന്നാകും.

## ജീവിതദൈർഘ്യം (Life span)

ജീവിതദൈർഘ്യം സ്ത്രീകളിലാണ് കൂടുതൽ. പുരുഷൻമാരെക്കാൾ 5 വർഷം അധികം ആയുസ്സ് അവർക്കുണ്ടാകും. അതാണ് ആദ്യം പറഞ്ഞ, മക്കളില്ലെലും ഭാര്യയെങ്കിലും നോക്കുമെന്ന ആശയത്തിന്റെ അടിസ്ഥാനം. aging factor സ്ത്രീകൾക്കാണ് പെട്ടന്ന് പ്രകടമാവുക. പുരുഷൻമാരിൽ വൈകുമെങ്കിലും ടെൻഷനും മാനസിക സമ്മർദവുമനുഭവിക്കുന്നവരിൽ പെട്ടന്നുണ്ടാകും. കഷണ്ടി, കുടവയർ, അകാലനര എന്നിവയൊക്കെ വരും. ശരീരപ്രകൃതിയിൽ സ്ത്രീകളിലാണ് പ്രായത്തിന്റേതായ വ്യത്യാസങ്ങൾ കാണപ്പെടുക.

## ആയുർദൈർഘ്യം

ഒരു സ്ത്രീ അവരെക്കാൾ 7-9 വയസിനുമുകളിലുള്ളയാളെ വിവാഹം കഴിച്ചാൽ ഈ സ്ത്രീയുടെ ലൈഫ് എക്സ്പെക്റ്റൻസി 20 ശതമാനം വർധിക്കും. ഇതേ കണക്കിന് കുറഞ്ഞ പ്രായക്കാരെ വിവാഹം കഴിച്ചാൽ ലൈഫ് എക്സ്പെക്റ്റൻസി 11 ശതമാനം കുറയും.

## പ്രായവ്യത്യാസം എത്രവരെ

പ്രായവ്യത്യാസം എത്രവേണമെന്നതിൽ ആശയക്കുഴപ്പമുണ്ടെങ്കിലും പരമാവധി 5 വയസ്സുവരെ കുഴപ്പമില്ല. അതിൽ കൂടുതലായാൽ രണ്ടുപേരും ജീവിതത്തിന്റെ രണ്ടുഘട്ടങ്ങളി (phase)ലാകും. അവരുടെ ഔട്ട്ലുക്കും ആശയങ്ങളും വ്യത്യാസപ്പെടും. അതിന്റെ പൊരുത്തക്കേടുകൾ ജീവിതത്തിൽ പ്രതിഫലിക്കും. 3-5 വയസ് വ്യത്യാസമാണെങ്കിൽ അതുണ്ടാകില്ല. ഇതൊക്കെ നാട്ടുനടപ്പ് ശീലങ്ങളാണ്. ഇന്നിപ്പോൾ പ്രായത്തിലെന്തിരിക്കുന്നു എന്നാണ് പുതുതലമുറ ചോദ്യം. കല്യാണം കഴിക്കുന്നത് പലർക്കും ഷെയറിങ് മാത്രമാണ്. കുട്ടികളുണ്ടാകാനായി കല്യാണം കഴിക്കുന്നവർ കുറവാണ്.

## 'ക്ലാസിക് വർക്' പഠനം

അതേസമയം പ്രായംകൂടിയവരെ കല്യാണം കഴിക്കുന്നതിനെ അനുകൂലിക്കുന്ന, അവർക്കായി വാദിക്കുന്ന ഗ്രൂപ്പുണ്ട്. ഇതുസംബന്ധിച്ച് പഠനം നടത്തിയ പ്രമുഖ സെക്സോളജിസ്റ്റ് ആൽഫ്രഡ് കിൻസി തന്റെ 'ക്ലാസിക് വർക് ഓൺ സെക്ഷ്വാലിറ്റി'യിൽ ഇതേക്കുറിച്ച് വ്യക്തമാക്കുന്നു. ആണുങ്ങളിൽ ലൈംഗികഹോർമോൺ അതിന്റെ പൂർണ പ്രവർത്തനങ്ങളിലെത്തുക 18 വയസ്സിലാണ്. അതേസമയം സ്ത്രീകളിലത് 30 വയസ്സാകും. അതിനാൽ പ്രായം കൂടിയ സ്ത്രീകളെ വിവാഹംചെയ്യുന്നതാണ് നല്ലതെന്നാണ് ഇക്കൂട്ടരുടെ മതം. ബന്ധം വളരെ പക്വതയോടെ മുന്നോട്ടുപോകും. സ്ത്രീകളിലെ പരിചയക്കൂടുതലും പ്രായോഗികതയും ജീവിതം സെറ്റാകാൻ സഹായിക്കും. ഇവർക്കിടയിൽ വഴക്കുകൾ കുറവായിരിക്കും. മാത്രമല്ല, ഇത്തിരി പ്രായംകൂടിയ വധുവിന് മറ്റ് പ്രണയബന്ധങ്ങളും കുറവായിരിക്കും. പ്രസവത്തിലും പാരന്റിങ്ങിലും വേണ്ടത്ര പക്വതയുണ്ടാകുമെന്നും അഭിപ്രായവുമുണ്ട്. ഇത്തരം മുതിർന്ന സ്ത്രീകൾ വിദ്യാഭ്യാസത്തിലും വരുമാനത്തിലും ഭർത്താവിനെക്കാൾ പരമാവധി മുന്നിലായിരിക്കും. ഒരുപരിധിവരെ ഭർത്താവിനെ സംരക്ഷിക്കാനും ഗൈഡൻസ് നൽകാൻ പോലും പ്രാപ്തിയുള്ളവരായിരിക്കും. മറ്റൊരു കാര്യമുള്ളത്, സ്ത്രീകൾ 35-40 വയസ്സിലാണ് ഏറെ ആക്ടീവാകുന്നത്. സ്പോർട്സ്, ആർട്സ്, സാഹസികത എന്നിവയിലൊക്കെ അവർക്ക് ഈ പ്രായത്തിൽ ആക്ടീവായിരിക്കാൻ സാധിക്കും. അതേസമയം പുരുഷൻമാരുടെ ആക്ടീവ് സ്റ്റേജ് 25-30 വയസ്സാണ്. മലകയറ്റം, റൈഡിങ് പോലുള്ള സാഹസിക പ്രവർത്തനങ്ങളിലും പങ്കാളികളാകാൻ ഇപ്പറഞ്ഞ പ്രായപരിധിയിലുള്ള ഭാര്യ/ഭർത്താക്കൻമാരാകണം എന്നതാണ് ഇക്കൂട്ടർ പറയുന്നത്. ഇത്തരം വാദഗതികളുള്ളവർ പലപ്പോഴും സ്വന്തം അനുഭവത്തിൽനിന്നായിരിക്കും പറയുക എന്നതും ഇതോടൊപ്പം ചേർത്തുവായിക്കണം.

## 'വയസ്സേറുമോ കാത്തിരിക്കാം...'

കേന്ദ്രസർക്കാർ നിയമപ്രകാരമുള്ള വിവാഹപ്രായം രണ്ടുപേർക്കും കൂട്ടണമെന്നാണ് നിർദേശിക്കുന്നത്. നിലവിൽ കുടുംബകോടതിയിലെ വിവാഹമോചന കേസ് നിരക്കും 35 വയസിൽ താഴെയുള്ള സ്ത്രീകളുടെ ആത്മഹത്യനിരക്കും വളരെ കൂടുതലാണ്. കുടുംബപ്രശ്നങ്ങളാണ് കാരണം. പ്രായവ്യത്യാസം, അല്ലെങ്കിൽ പാകതക്കുറവ് എന്നിവയിലേതെങ്കിലും ഈ കണക്കിന് കാരണമാകുന്നുണ്ടോ എന്നത് ആലോചിക്കണം. 21 വയസ്സുള്ള പുരുഷനെ സംബന്ധിച്ച് അവൻ പൂർണമായും സ്വയംപര്യാപ്തനായിക്കൊള്ളണമെന്നില്ല. ഇന്നത്തെക്കാലത്ത് പഠനം തുടരുന്നയാളോ അതുമല്ലെങ്കിൽ കുടുംബത്തെ ആശ്രയിച്ചുകഴിയുന്നയാളോ ആയിരിക്കും. ഈ സാഹചര്യത്തിൽ വിവാഹപ്രായം അൽപം കൂട്ടുന്നത് എന്തുകൊണ്ടും നല്ലതാണെന്നാണ് പൊതുവികാരം. ഈ തീരുമാനം വിവാഹമോചനനിരക്കിലടക്കം കാര്യമായ കുറവുണ്ടാക്കുമെന്നും കരുതപ്പെടുന്നു.